**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109** **10-10-2024 - ൽ മറുപടിയ്ക്ക്**

**കൺവെൻഷൻ സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ, അന്തർദേശീയ തലത്തിലുള്ള വലിയ ഇവന്റുകൾക്ക് വേദിയാകാൻ കഴിയുംവിധം വിപുലമായ കൺവെൻഷൻ സെന്ററുകൾ വികസിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ദേശീയ, അന്തർദേശീയ തലത്തിലുള്ള വലിയ ഇവന്റുകൾക്ക് വേദിയാകാൻ കഴിയുംവിധം വിപുലമായ കൺവെൻഷൻ സെന്ററുകൾ വികസിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.<br><br>ദേശീയ, അന്തർദേശീയ തലത്തിലുള്ള വലിയ ഇവന്റുകൾക്ക് വേദിയാകാൻ കഴിയുംവിധം വിപുലമായ കൺവെൻഷൻ സെന്ററുകൾ വികസിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയ്ക്ക് തിരുവനന്തപുരം ആക്കുളത്ത് സർക്കാർ അക്വയർ ചെയ്തിട്ടുള്ള 46 ഏക്കറോളം ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ട് കൺവെൻഷൻ സെന്റർ, എക്സിബിഷൻ സൗകര്യങ്ങൾ, മീറ്റിംഗ് റൂമുകൾ, ഹോട്ടൽ കോംപ്ലക്സ് /റിസോർട്ടുകൾ, റീട്ടെയിൽ/ എന്റർടെയിൻമെന്റ് സൗകര്യങ്ങൾ മുതലായവ ഉൾക്കൊള്ളിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു കൺവെൻഷൻ സെന്റർ കോംപ്ലക്സ് സ്ഥാപിക്കുവാനുള്ള പദ്ധതിയാണ് ആക്കുളം ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ കോംപ്ലക്സ് പദ്ധതി . പൊതുജനങ്ങളെയും കൂടാതെ തദ്ദേശീയരായ വിനോദസഞ്ചാരികളെയും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിലൊന്നായ വേളി ടൂറിസ്റ്റ് വില്ലേജിൽ വിവിധ ഇവന്റുകൾക്ക് വേദിയാക്കാൻ കഴിയും വിധം “Construction of convention centre at Veli” എന്ന പദ്ധതിയും പൂർത്തീകരിച്ചിട്ടിട്ടുണ്ട് . ടി കൺവെൻഷൻ സെന്ററിന്റെ First Floor-ൽ 750 പേർക്ക് ഇരിക്കാവുന്ന ഇരിപ്പിട സൗകര്യവും, Dining floor-ൽ 300 പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള സൗകര്യവും, ടി സമുച്ചയത്തിനുള്ളിൽ തന്നെ 60 കാർ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട് . ആകെ 27,000 സ്വകയർ ഫീറ്റാണ് ഈ കൺവെൻഷൻ സെന്ററിനുള്ളത് . സർക്കാർ മേഖലയ്ക്കുപരി ഇത്തരം സംവിധാനങ്ങൾ സ്വകാര്യ മേഖലയിലും സർക്കാർ |

| | | | |
|---|---|---|---|
| | | | സ്വകാര്യ പങ്കാളിത്തത്തിലുമാണ് നടത്താൻ കഴിയുക. കെ.റ്റി.ഡി.സി. യുടെ കീഴിൽ വാട്ടർ സ്കേപ്സ് കുമരകം , സമുദ്ര കോവളം, മസ്കറ്റ് ഹോട്ടൽ തിരുവനന്തപുരം, ബോൾഗാട്ടി പാലസ് കൊച്ചി എന്നിവിടങ്ങളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺവെൻഷൻ സെന്ററുകൾ ഉണ്ട്. കൂടാതെ ബേക്കലിൽ ഒരെണ്ണം നിർമ്മാണത്തിലുമാണ് . MICE ടൂറിസത്തിന്റെ ഭാഗമായി കേരളത്തിലെ സ്വകാര്യ മേഖലയിൽ മികച്ച കൺവെൻഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് മുഖേന കൂടുതൽ കൺവെൻഷൻ സെന്ററുകൾ രൂപപ്പെടുത്തുന്ന കാര്യം പരിശോധനയിലാണ്. വിവാഹം , കോൺഫറൻസ് , അന്തർ ദേശീയ എക്സിബിഷൻ തുടങ്ങിയ കാര്യങ്ങളിൽ മികച്ച സൗകര്യങ്ങൾ ഒരുക്കാൻ കൺവെൻഷൻ സെന്ററുകൾക്ക് സാധിക്കുന്നുണ്ട്. |
| (ബി) | കൺവെൻഷൻ സെന്ററുകളിൽ ദേശീയ-അന്തർദേശീയ ടൂറിസ്റ്റുകൾക്ക് വേണ്ട സൗകര്യങ്ങളൊരുക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഇക്കാര്യത്തിൽ ആവശ്യമായ നയം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ വർദ്ധിക്കുന്നതിനനുസരിച്ച് സഞ്ചാരികൾക്ക് താമസസൗകര്യങ്ങൾ ഒരുക്കാൻ എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു എന്ന് അറിയിക്കുമോ? | (സി) | ടൂറിസം ഡെസ്റ്റിനേഷനുകൾ വർദ്ധിക്കുന്നതനുസരിച്ച സർക്കാർ മേഖലയിൽ പുതിയ ഗസ്റ്റ് ഹൗസ്, യാത്രി നിവാസ് നിർമ്മാണം/നവീകരണം, അഡീഷണൽ ബ്ലോക്ക് നിർമ്മാണം എന്നിവക്കുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. വിവിധ ഗസ്റ്റ് ഹൗസുകളിൽ പുതിയതായി നിർമ്മാണം പൂർത്തിയായിവരുന്ന മുറികളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| ഡെസ്റ്റിനേഷൻ | പുതുതായി വരുന്ന മുറികൾ |
|---|---|
| തൈക്കാട്, തിരുവനന്തപുരം | 39 |
| പൊന്മുടി | 22 |
| വർക്കല | 4 ഡബിൾ കോട്ടേജ്, 3 സിംഗിൾ കോട്ടേജ് |
| ഗുരുവായൂർ | 55 |
| അതിരപ്പള്ളി യാത്രി നിവാസ് | 24 |
| മൂന്നാർ | 10 |
| ഇടുക്കി യാത്രി നിവാസ് | 11 കോട്ടേജ് + 4 ഡോർമിറ്ററി |

| | |
|---|---|
| ഇടുക്കി ഇക്കോ ലോഡ്ജ് | 12 കോട്ടേജ് |
| പീരുമേട് ഇക്കോ ലോഡ്ജ് | 12 കോട്ടേജ് |
| സുൽത്താൻ ബത്തേരി (ഓൾഡ് + അഡീഷണൽ) | 60 |

KTDC-യുടെ ഹോട്ടലുകൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി വരുന്നു. മുഴപ്പിലങ്ങാട് പുതിയ ഹോട്ടലിന്റെ പ്രവൃത്തി നടന്ന് വരുന്നു. ഇതു കൂടാതെ സ്വകാര്യമേഖലയിൽ കൂടുതൽ ഹോട്ടലുകൾക്ക് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. ടൂറിസം വകുപ്പിന്റെ അംഗീകാരത്തോട് കൂടി ഹോംസ്റ്റേകളുടെ പ്രവർത്തനവും സുഗമമായി നടക്കുന്നുണ്ട്

സെക്ഷൻ ഓഫീസർ